**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2100** **12-02-2024 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി കാറ്റഗറി നമ്പർ 456/2016 എൽ.ഡി.സി. (കന്നട, മലയാളം) റാങ്ക് ലിസ്റ്റിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | പി.എസ്.സി കാറ്റഗറി നമ്പർ 456/2016 എൽ.ഡി.സി. (കന്നട, മലയാളം) തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നിലവിൽ തടസ്സങ്ങളൊന്നുമില്ലാതിരുന്നിട്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കാസറഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിലെ എൽ.ഡി.സി (കന്നട, മലയാളം അറിയുന്നവർ) (Cat No.459/2016) തസ്തികയുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് Malathi B P & Others ഫയൽ ചെയ്ത OA(EKM) No.762/2023 ഹർജിയിന്മേൽ ബഹു. ഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിവിധ തീയതികളിലെ ഇടക്കാല ഉത്തരവുകളെ തുടർന്ന് ടി തസ്തികയുടെ 09/05/2023 ൽ പ്രസിദ്ധീകരിച്ച സാധ്യതാ പട്ടികയുടെ തുടർന്നുള്ള നടപടികൾ stay ചെയ്തിരുന്നു. ഹർജിയിലെ 07/11/2023 തീയതിയിലെ ഉത്തരവിനെതിരെ കമ്മീഷൻ അപ്പീൽ നൽകാൻ തീരുമാനിച്ചതിനാൽ അപ്പീലിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടി സ്വീകരിക്കാനാകൂ. |
| (ബി) | നിലവിലെ സാധ്യത പട്ടിക റദ്ദ് ചെയ്യുന്നത് സംബന്ധിച്ച ട്രിബ്യൂണലിന്റെ ഒ.എ ഇ.കെ.എം 762/2023 നമ്പർ കേസിൽ ട്രിബ്യൂണൽ പുറപ്പെടുവിച്ച 07.11.2023 ലെ അന്തിമ വിധി ഒ.പി കെ.എ.റ്റി 553/23 നമ്പർ പ്രകാരം 13.12.2023 ന് ഹൈക്കോടതി സ്റ്റേ ചെയ്തതിനുശേഷം സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശവും പകർപ്പും ലഭ്യമാക്കുമോ; | (ബി) | 07.11.2023 ലെ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽ appeal ഫയൽ ചെയ്യാനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചുവരവെയാണ് OP(KAT) 553/2023 ലെ ബഹു.ഹൈക്കോടതി ഉത്തരവ് PSC യ്ക്ക് ലഭ്യമായത്. |
| (സി) | ട്രിബ്യൂണലിന്റെ അന്തിമ വിധിക്കെതിരെ പി.എസ്.സി. ഹൈക്കോടതിയിൽ നൽകിയ ഒ.പി കെ.എ.റ്റി 26/2024 നമ്പർ അപ്പീലിൽ സ്റ്റേ ലഭിച്ചതിന് ശേഷം സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശവും പകർപ്പും ലഭ്യമാക്കുമോ; | (സി) | 29.01.2024 ലെ ഇടക്കാല ഉത്തരവിൽ OP(KAT) 553/2023 ന്റെ ഇടക്കാല ഉത്തരവ് ബാധകമാക്കി കൊണ്ട്, ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നത് തടഞ്ഞിട്ടുണ്ട്. |
| (ഡി) | എ4-1/8/2022-കെ.പി.എസ്.സി ഫയലിൽ 30.01.2023 ന് പി.എസ്.സി ചെയർമാൻ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ഉത്തരവിട്ടിരുന്നിട്ടും തുടർനടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ഡി) | സാധ്യത പട്ടികയ്ക്ക് എതിരെ ഫയൽ ചെയ്ത OA(EKM) 762/2023 ൽ ബഹു.ട്രിബ്യൂണൽ 26.05.2023 ന് തുടർനടപടികൾ തടഞ്ഞിരുന്നു. ആയതിനാലാണ് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കാൻ സാധിക്കാതിരുന്നത്. |

| | | | |
|---|---|---|---|
| (ഇ) | നിലവിൽ ഈ തസ്തികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഒൻപത് വർഷമായി പ്രസ്തുത റാങ്ക് ലിസ്റ്റ് ഇല്ലാത്തതിനാൽ ന്യൂനപക്ഷ മേഖലയായ കാസർഗോഡ് ജില്ലയിൽ ഈ തസ്തികയിലെ ഒഴിവുകൾ നികത്താത്തത് കാരണം റവന്യൂ വകുപ്പിലടക്കം പൊതുജനങ്ങൾ ബുദ്ധിമുട്ടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ? | (ഇ) | നിലവിൽ 86 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ